**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 496** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>എടയൂർ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

**(എ)** കോട്ടക്കൽ മണ്ഡലത്തിൽ പുതിയതായി വിഭാവനം ചെയ്യാൻ ഉദ്ദേശിക്കുന്ന എടയൂർ 110 കെ.വി. സബ്സ്റ്റേഷന്റെ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

**<u>മറുപടി:</u>** കോട്ടക്കൽ മണ്ഡലത്തിൽ പുതിയതായി വിഭാവനം ചെയ്യാൻ ഉദ്ദേശിക്കുന്ന എടയൂർ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണത്തിനായുള്ള സാങ്കേതിക സാധ്യത പഠനത്തിന് കെ.എസ്.ഇ.ബി.എൽ അംഗീകാരം നൽകിയിട്ടുണ്ട്. സബ്സ്റ്റേഷൻ നിർമ്മാണത്തിനായുള്ള സ്ഥലം ലഭ്യമായിട്ടില്ല. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**(ബി)** പ്രസ്തുത സബ്സ്റ്റേഷന്റെ നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ലഭ്യമാകുന്നതിന് വകുപ്പ് തലത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; പദ്ധതിയുമായി ബന്ധപ്പെട്ട് ഇതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

**<u>മറുപടി:</u>** എടയൂർ സബ്സ്റ്റേഷന് വേണ്ടി മാവണ്ടിയൂർ പ്രദേശത്ത് ലഭ്യമാകുമെന്ന് കരുതിയ ഭൂമി തരം മാറ്റാൻ കഴിയാത്ത സാഹചര്യത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന് ലഭ്യമായിട്ടില്ല. പുതിയ സ്ഥലം ലഭിക്കാനായി വിശദമായ അന്വേഷണം നടത്തി വരുന്നു.

**സെക്ഷൻ ഓഫീസർ**